# KANNUR CORPORATION E -NEWS LETTER




മാർച്ച് ലക്കം

What is inside?


- Story 1- പുതിയ കൗൺസിൽ
- Story 2- ആയിക്കര ഫിഷ്മാർക്കറ്റ്
- Story 3 - സി.എച്ച്. സർക്കിൾ
- Story 4- _ഗാന്ധി സർക്കിൾ


2015 നവംബർ 1-ാംതീയ്യതിയാണ് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ രൂപികൃതമായത്. പുഴാതി, പള്ളിക്കുന്ന്, എടക്കാട്, ചേലോറ, എളയാവൂർ തുടങ്ങിയ ഗ്രാമ പഞ്ചായത്തുകൾ കണ്ണൂർ നഗരസഭയുമായി കൂട്ടിച്ചേർത്താണ് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ രൂപീകരിച്ചത്. കോർപ്പറേഷന്റെ വിസ്തൃതി 78.35 കി.മീറ്റർ സ്ക്വയറും ജനസംഖ്യ 232486 ഉം ആണ്. കോർപ്പഷേൻ പരിധിയിൽ ആകെ 55 വാർഡുകളാണുള്ളത്.

മിലിട്ടറി കണ്ടോൺമെന്റായിരുന്ന കണ്ണൂർ 1867ൽ ആണ് മുനിസിപ്പാലിറ്റിയായത്. കേരളത്തിലെ ഏറ്റവും പഴക്കംചെന്ന നഗരസഭകളിൽ ഒന്നാണ് കണ്ണൂർ. 1921 ജൂലൈ 27നാണ് ജനാധിപത്യ സ്വഭാവമുള്ള ആദ്യത്തെ മുനിസിപ്പൽ കൗൺസിൽ നിലവിൽ വന്നത്. 1967-ൽ നിർമ്മിച്ച സുഭാഷ് ബിൽഡിംഗിലാണ് കോർപ്പറേഷൻ ഓഫീസ് പ്രവർത്തിച്ചു വരുന്നത്.



**ഇ.പി. ലത**
മേയർ.

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷന്റെ ദൈനംദിന പ്രവർത്തങ്ങളും വികസന പ്രവർത്തങ്ങളും നഗരവാസികളിൽ എത്തിക്കുന്നതിനായി വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി നടപ്പിലാക്കുക എന്നതാണ്. ഇ-ന്യൂസ് ലെറ്ററിലൂടെ ലക്ഷ്യം വെക്കുന്നത്. ഇതിലേക്കായി പ്രഥമ ലക്കം പുറത്തിറക്കുകയാണ്. ഈ സംരംഭത്തിന് എല്ലാവിധ പിന്തുണയും പ്രതീക്ഷിക്കുന്നു.



**വി.ജെ.കുര്യൻ**
കോർപ്പറേഷൻ സെക്രട്ടറി

വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ സാമൂഹ്യ മാധ്യമങ്ങൾ നിറഞ്ഞാടുന്ന ഈ കാലഘട്ടത്തിൽ കണ്ണൂർ കോർപ്പറേഷന്റെ വികസന നേട്ടങ്ങളെക്കുറിച്ചും, പദ്ധതി പ്രവർത്തനങ്ങളെക്കുറിച്ചും പൊതു സമൂഹത്തെ അറിയിക്കുവാനും, വിമർശനങ്ങളെ ഉൾക്കൊണ്ടുകൊണ്ട് തിരുത്തലുകൾ വരുത്തുവാനും, കൂടുതൽ സുതാര്യത വരുത്തുവാനുമുള്ള ഈ എളിയ സംരംഭത്തിന് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

# 1. പുതിയ കൗൺസിൽ

കണ്ണൂർ കോർപ്പറേഷൻ രൂപീകൃതമായതിനു ശേഷമുള്ള പ്രഥമ തെരഞ്ഞെടുപ്പിൽ മേയറായി കുമാരി ഇ.പി.ലതയേയും ഡെപ്യൂട്ടി മേയറായി ശ്രീ. സി. സമീറിനെയും തെരഞ്ഞെടുത്തു. 8 സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ഉൾപ്പെടെ മൊത്തം 55 അംഗ കൗൺസിൽ ആണ് രൂപീകൃതമായിട്ടുള്ളത്.

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - ശ്രീ. സി.സമീർ (ഡെപ്യൂട്ടി മേയർ)
2. വികസന സ്റ്റാന്റിംഗ് കമ്മിറ്റി - ശ്രീമതി ജെമിനി
3. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - ശ്രീ രാജൻ വെള്ളോറ
4. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി - അഡ്വ: പി. ഇന്ദിര.
5. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി - അഡ്വ: ടി.ഒ.മോഹനൻ
6. നഗരാസൂത്രണ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - ശ്രീമതി സി.സീനത്ത്
7. നികുതി അപ്പീൽ കമ്മിറ്റി - ശ്രീ സി.കെ. വിനോദ്
8. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി - ശ്രീമതി ഷാഹിന മൊയ്തീൻ

കോർപ്പറേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ കോർപ്പറേഷൻ സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് നടപ്പിലാക്കുന്നത്.



**കുമാരി: ഇ.പി.ലത**
**മേയർ**



**ശ്രീ: സി.സമീർ**
**ഡെപ്യൂട്ടി മേയർ**



**ശ്രീമതി:ജെമിനി**
**വികസന സ്റ്റാന്റിംഗ് കമ്മിറ്റി**
**ചെയർപേഴ്സൺ**



**ശ്രീ: രാജൻ വെള്ളോറ**
**ക്ഷേമകാര്യ സ്റ്റാന്റിംഗ്**
**ചെയർമാൻ**



**അഡ്വ: പി. ഇന്ദിര**
**ആരോഗ്യ സ്റ്റാന്റിംഗ്**
**കമ്മിറ്റിചെയർപേഴ്സൺ**



**അഡ്വ: ടി.ഒ.മോഹനൻ**
**പൊതുമരാമത്ത്സ്റ്റാന്റിംഗ്**
**ചെയർമാൻ**



**ശ്രീമതി: സി.സീനത്ത്**
**നഗരാസൂത്രണ കാര്യ സ്റ്റാന്റിംഗ്**
**കമ്മിറ്റിചെയർപേഴ്സൺ**



**ശ്രീ: സി.കെ. വിനോദ്**
**നികുതി അപ്പീൽ കമ്മിറ്റി**
**ചെയർമാൻ**



**ശ്രീമതി: ഷാഹിന മൊയ്തീൻ**
**വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി**
**ചെയർപേഴ്സൺ**

## 2. ആയിക്കര ഫിഷ് മാർക്കറ്റ്




കണ്ണൂർ കോർപ്പറേഷന് പരിധിയിൽ ജില്ല ആശുപത്രിക്ക് സമീപം കടലോരമേഖലയിൽ ആയിക്കരയിൽ 75 സെന്റ് സ്ഥലത്താണ് ഈ ആധുനിക സൗകര്യങ്ങളോടുകൂടിയ ഫ്ഷ് മാർക്കറ്റ് പ്രവർത്തനക്ഷമ മായിരിക്കുന്നത്. കണ്ണൂർ കോർപ്പറേഷനുവേണ്ടി KSCADC ആണ് ഈ മാർക്കറ്റ് നിർമ്മിച്ച് കൈമാറിയിരിക്കുന്നത്.



നി ല വിൽ ഒരു ബയോഗ്യാസ് പ്ലാന്റും, എഫ്ളുഎന്റ് ട്രീറ്റ്മെൻ പ്ളാന്റും. ഒരു ചില്ലിംഗ് യൂണിറ്റും ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത്കൂടാതെ 24 മണി ക്കൂറും വെള്ളവും വെളിച്ചവും ലഭ്യമാകുന്ന രീതിയിൽ 55 റീട്ടെ യിൽ വില്പ്പനകേന്ദ്രങ്ങളാണ് പ്രവർത്തന സജ്ജമായിട്ടുള്ളത്. ഇതിനോടനുബന്ധിച്ച് ഒരു ലേല വിൽപ്പനകേന്ദ്രവും ടോയിലറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.



# 3. സി.എച്ച്. സർക്കിൾ




കണ്ണൂർ നഗരത്തിലെ ഗതാഗത കുരുക്ക് കുറച്ചുകൊണ്ടു വരുന്നതിനു വേണ്ടി കോർപ്പറേഷൻ മുൻകൈ എടുത്ത് നിർമ്മിച്ചുവരുന്ന തായത്തെരുസിറ്റി -തെഴുക്കിൽ പീടിക റോഡിന്റെ ഉത്ഭവ സ്ഥലം ആയ നാഷണൽ ഹൈവെയുമായി ബന്ധപ്പെട്ടാണ് സി.എച്ച് സർക്കിൾ സ്ഥാപിതമായിട്ടുള്ളത്. നിലവിലുള്ള റോഡ് 10-12 മീറ്റർ വീതിയിലാണ് നിർമ്മിച്ചുവരുന്നത്. വിവിധ പ്രദേശങ്ങളിൽ നിന്നും നഗരത്തിൽ എത്തുന്ന ആളുകൾക്ക് ഗതാഗത കുരുക്ക് ഇല്ലാതെ പ്രവേശിക്കത്തക്ക രീതിയിലാണ് ഇതിന്റെ നിർമ്മാണം.

ബഹു:പൊതുമരാമത്ത് വകുപ്പു മന്ത്രി വി .കെ. ഇബ്രാഹിംകുഞ്ഞാണ് കേരളത്തിന്റെ മുൻ മുഖ്യമന്ത്രി സി.എച്ച്.മുഹമ്മദ് കോയയുടെ നാമകരണത്തിലുള്ള ഈ ട്രാഫിക് സർക്കിൾ ഉദ്ഘാടനം ചെയ്തത്.

# 4. ഗാന്ധി സർക്കിൾ




കണ്ണൂർ നഗരം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് ഗതാഗതക്കുരുക്ക്. ആയതിന് താല്ക്കാലിക പരിഹാരമെന്ന നിലയിലാണ് കാൽടെക്സ് സർക്കിൾ വീതി കൂട്ടി ട്രാഫിക് സിഗ്നലിംഗ് സംവിധാനം ശാസ്ത്രീയമായി പ്രവൃത്തി പൂർത്തിയായി വരുന്നത്. റോഡിൽ ഫ്രീ ലെഫ്റ്റ് സൗകര്യം ഇല്ലാത്തതിനാൽ ട്രാഫിക് സിഗ്നലിംഗ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചിരുന്നില്ല. ആയത് പരിഹരിക്കുന്നതിനായി ബഹു:എംപി. പി.കെ. ശ്രീമതി ടീച്ചർ അനുവദിച്ച എം.പി. ഫണ്ട് ഉപയോഗിച്ചാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. ഗതാഗതക്കുരുക്ക് ചെറിയ ഒരളവോളം കുറയുന്നതിന് ഈ പ്രവൃത്തികൾ കൊണ്ട് സാധിക്കുന്നതാണ്.

# ഇ-ന്യൂസ് ലെറ്റർ ഉദ്ദേശം

നഗര പരിധിയിലെ എല്ലാ നിവാസികൾക്കും കോർപ്പറേഷന്റെ പ്രവർത്തനവും പദ്ധതികളും ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും, അവരുടെ ആശയ ങ്ങളും അഭിപ്രായങ്ങളും പ്രകടിപ്പിക്കുന്നതിനും അതുവഴി നഗരവാസികളുടെ സഹകരണ ത്തോടെ കണ്ണൂരിനെ ജീവിത സൗകര്യങ്ങൾ ഉയർന്ന ഒരു പ്രദേശമാക്കുക എന്നതാണ് കോർപ്പറേഷൻ ഇ-ന്യൂസ് ലെറ്റർ എന്ന ആശയം വഴി ലക്ഷ്യം വയ്ക്കുന്നത്.

**എഡിറ്റോറിയൽ ബോഡി**

1. മേയർ
2. ഡെപ്യൂട്ടി മേയർ
3. കോർപ്പറേഷൻ സെക്രട്ടറി
4. സജിത്ത് കെ.പി.
5. നിജിൽ പി.വി.
6. തൈക്കണ്ടി മുരളീധരൻ
7. പ്രദീപ് എ.
8. ബാബുരാജ് പി.എം
9. അനസ് കെ.എൻ.
10. അഡ്വ: ലിഷ ദീപക്
11. എം.ഷഫീഖ്
12. അഭിലാഷ്മോൻ കെ.എസ്.
13. റോഷിൻ രാജ്
14. സജിത പി.